**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4899** **20-07-2022 - ൽ മറുപടിയ്ക്ക്**

**നിർദ്ദിഷ്ട ഭിന്നശേഷി വിഭാഗങ്ങളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർദ്ദിഷ്ട ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായുള്ള കർമ്മപദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | (എ) | 2022-23 പദ്ധതി വർഷത്തിൽ സ്കൂളുകളുടെ പശ്ചാത്തല സൗകര്യം ഭിന്നശേഷി സൗഹൃദമാക്കുന്നതിനും കുട്ടികൾക്ക് അത്യാവശ്യമായ തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി Model Inclusive School എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിന്റെ പ്രാരംഭ നടപടി ക്രമങ്ങൾ നടന്നു വരുന്നു.<br><br>ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നിലവിൽ നടക്കുന്ന അക്കാദമിക് മെഡിക്കൽ സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനോടൊപ്പം തന്നെ മറ്റു ചില പദ്ധതികളും ആലോചനയിലുണ്ട്. ഭിന്നശേഷിക്കാർക്ക് നിലവിൽ പൂർണമായും പ്രാപ്യമല്ലാത്ത മേഖലകളിൽ കൂടി അവരെ ഉൾക്കൊള്ളിക്കുക എന്നുള്ളതാണ് ആദ്യപടി. കലാകായിക രംഗത്തും ഇവരുടെ ശേഷികൾ കണ്ടെത്തി എല്ലാ മേഖലയിലും അവരെ പങ്കെടുപ്പിക്കുവാനും ആലോചിക്കുന്നുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതും പരിഗണനയിലുണ്ട്.<br><br>ഭിന്നശേഷി കുട്ടികളുടെ സാമൂഹ്യ ഉൾച്ചേർക്കൽ സാധ്യമാക്കുന്നതിനും, അക്കാദമിക പിന്തുണ നൽകുന്നതിനുമായി അധ്യാപകരോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നതിനായി 2886 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം പൊതു വിദ്യാലയങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിൽ ഭിന്നശേഷി കുട്ടികളെ കണ്ടെത്തുന്നതിനായുള്ള സർവ്വെ പൂർത്തിയാക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ മെഡിക്കൽ അസസ്മെൻറ് ക്യാമ്പ് നടത്തി കുട്ടികൾക്ക് ആവശ്യം വേണ്ട സഹായക ഉപകരണങ്ങൾ, തെറാപ്പി |

| | | | |
|---|---|---|---|
| | | | സർവ്വീസുകൾ, സർജിക്കൽ കറക്ഷനുകൾ എന്നിവ നിശ്ചയിക്കുന്നു.<br><br>168 ബി.ആർ.സി. കളിലായി പ്രവർത്തിക്കുന്ന ഓട്ടിസം സെൻററുകൾ, ബി.ആർ.സി. കേന്ദ്രങ്ങൾ, പ്രത്യേക തെറാപ്പി കേന്ദ്രങ്ങൾ, എന്നിവിടങ്ങളിലായി തെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നു. ജില്ലാ അടിസ്ഥാനത്തിൽ ഡോക്ടർമാർ നിർദേശിക്കുന്ന സഹായക ഉപകരണങ്ങൾ ഇ-ടെണ്ടർ നടപടികളിലൂടെ പർച്ചേസ് നടത്തി കുട്ടികൾക്ക് നൽകുന്നു. ഭിന്നശേഷി കുട്ടികൾക്ക് അധിക അക്കാദമിക പിന്തുണ നൽകുന്നതിനും, കൂടുതൽ ആരോഗ്യപരമായ സേവനങ്ങൾ നൽകുന്നതിനുമായി പഞ്ചായത്തിൽ മിനിമം ഒന്ന് എന്ന ക്രമത്തിൽ സ്പെഷ്യൽ കെയർ സെൻററുകൾ ആരംഭിച്ചിട്ടുണ്ട്. അവ ശാക്തീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു.<br><br>തീവ്ര പരിമിതി അനുഭവിക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി വിദ്യാലയങ്ങളിൽ 60 ആയമാരുടെയും ഓട്ടിസം സെൻററുകളിൽ 168 ആയമാരുടെയും സേവനം നൽകി വരുന്നു. അർഹരായ കുട്ടികൾക്ക് ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, ഗേൾസ് സ്റ്റൈപൻറ് എന്നിവ നൽകുന്നു. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്കായി ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം നൽകി വരുന്നു. അവധി ദിവസങ്ങളിലും ആഘോഷ ദിവസങ്ങളിലും കിടപ്പിലായ കുട്ടികളുടെ വീടുകളിലെത്തി പഠനത്തിലും വിനോദത്തിലും ഏർപ്പെടുത്തുന്നതിനായി സമപ്രായക്കാരുടെ 'ചങ്ങാതിക്കൂട്ടം' വീടുകളിൽ എത്തുന്നു. മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, പ്രിൻസിപ്പൽ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേറ്റേഴ്സ്, രക്ഷിതാക്കൾ എന്നിവർക്കായി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വീഡിയോ പാഠങ്ങൾ, ശബ്ദ പാഠങ്ങൾ, വർക്ക്ഷീറ്റുകൾ എന്നിവ തയ്യാറാക്കി www.ssakerala.in/ie എന്ന വെബ്സൈറ്റിലൂടെ നൽകി വരുന്നു. ടി.എൽ.എം., ബ്രെയ്-ലി സ്റ്റേഷനറി മെറ്റീരിയൽസ്, ലാർജ് പ്രിൻറ് ടെക്സ്റ്റ്, ഇൻസ്ട്രക്ഷണൽ & ട്രെയിനിംഗ് മെറ്റീരിയൽസ് എന്നിവ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ബി) | നിർദ്ദിഷ്ട ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ട വിഭാഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | എം.എച്ച്.ആർ.ഡി. അംഗീകരിച്ചിട്ടുള്ള 21 തരം വൈകല്യങ്ങളെയാണ് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>1. കാഴ്ചവൈകല്യം (VI) (Blindness)<br><br>2. ലോവിഷൻ (എൽ.വി.) (Low vision)<br><br>3. ലെപ്രസി ക്യൂവേർഡ് (Leprosy cured persons)<br><br>4. ശ്രവണവൈകല്യം (HI) (Hearing Impairment-Deaf and Hard of hearing)<br><br>5. ലോകോ-മോട്ടോർ ഡിസ്എബിലിറ്റി (Loco - Motor Disability)<br><br>6. ഡ്വാർഫിസം (Dwarfism)<br><br>7. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR) (Mentally Retarded, Intellectual disability)<br><br>8. മെൻറൽ ഇൽനസ്സ് (Mental Illness)<br><br>9. ഓട്ടിസം (Autism Spectrum Disorder)<br><br>10. മസ്തിഷ്ക സംബന്ധമായ വൈകല്യം (CP) (Cerebral Palsy)<br><br>11. മസ്കുലർ ഡിസ്ട്രോഫി (Muscular Distrophy)<br><br>12. ക്രോണിക് ന്യൂറോളജിക്കൽ കണ്ടീഷൻസ് (Chronic Neurological Conditions)<br><br>13. പഠനവൈകല്യം (LD) (Specific Learning Disability)<br><br>14. മൾട്ടിപ്പിൾ സ്ക്ലീറോസിസ് (Multiple Sclerosis)<br><br>15. സ്പീച്ച് ആൻറ് ലാംഗ്വേജ് ഡിസ്എബിലിറ്റി (Speech and language Disability)<br><br>16. തലാസ്സീമിയ (Thalassemia)<br><br>17. ഹീമോഫീലിയ (Hemophilia)<br><br>18. സിക്കിൾസെൽ ഡിസീസസ് (Sickle Cell Diseases)<br><br>19. മൾട്ടിപ്പിൾ ഡിസ്എബിലിറ്റീസ് ഇൻക്ലൂഡിംഗ് ഡെഫ്ബ്ലൈൻഡ്നസ്സ് (Multiple Disabilities including Deaf blindness) |

| | | | |
|---|---|---|---|
| | | | 20. ആസിഡ് അറ്റാക്ക് വിക്ടിം (Acid Attack Victim)<br><br>21. പാർക്കിൻസൺസ് ഡിസീസ് (Parkinson's Disease) |
| (സി) | ഇക്കാര്യത്തിൽ മാതൃകാ വിദ്യാലയ കേന്ദ്രങ്ങളായി ഏതെങ്കിലും പൊതു വിദ്യാലയങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഈ വിദ്യാലയങ്ങളിൽ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | തെരഞ്ഞെടുത്തിട്ടില്ല. |
| (ഡി) | ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തൊഴിൽ ചെയ്ത് ജീവിക്കുന്നതിനുള്ള പരിശീലനം കൂടി പ്രസ്തുത വിദ്യാലയങ്ങൾ വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ? | (ഡി) | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ